**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2628** **06-10-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ / വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ 15822 സ്വകാര്യ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ സീതാംഗോളിയിൽ ഉള്ള കിൻഫ്ര സ്മോൾ ഇൻഡസ്ട്രീസ് പാർക്കിൽ ഇതുവരെ 21 വ്യവസായ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. വിശദമായ വിവരങ്ങൾ (അനുബന്ധം) ആയി സമർപ്പിക്കുന്നു.<br><br>പ്രസ്തുത കാലയളവിൽ പൊതുമേഖലയിൽ പുതിയതായി സംരംഭങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിനു കീഴിലുള്ള ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (BHEL) എന്ന സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | നിലവിലുണ്ടായിരുന്ന വ്യവസായ സ്ഥാപനങ്ങൾ / വ്യവസായ സംരംഭങ്ങൾ പ്രസ്തുത കാലയളവിൽ പൂട്ടേണ്ടി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട് .എങ്കിലും സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി വ്യവസായ വകുപ്പ് നിയമിച്ച Enterprise Development Executive (EDE) -മാരുടെ സേവനത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് സ്ഥിതി ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. EDE -മാർ സംരംഭങ്ങളിൽ സന്ദർശനം നടത്തി ശേഖരിച്ച വിവരങ്ങൾ പ്രകാരം, തുടങ്ങി ആദ്യവർഷം തന്നെ പൂട്ടിപ്പോകുന്ന സംരംഭങ്ങളുടെ ശതമാനം ദേശീയ ശരാശരിയായ 30% -ത്തെ അപേക്ഷിച്ച് കേരളത്തിൽ ഇത് 15% മാത്രമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചവയിൽ 15.75% സംരംഭങ്ങൾ മാത്രമാണ് പ്രവർത്തനം അവസാനിപ്പിച്ചത്. |
| (സി) | പുതുതായി തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ / സംരംഭങ്ങൾ പ്രസ്തുത കാലയളവിൽ പൂട്ടേണ്ടി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | വ്യക്തിപരമായ കാരണങ്ങൾ, വായ്പാ ലഭ്യതക്കുറവ്, സ്ഥലപരിമിതി, മതിയായ വ്യവസായ കെട്ടിടങ്ങളുടെ അപര്യാപ്തത, വിപണന സാദ്ധ്യത കുറവ്, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് മുതലായ കാരണങ്ങളാൽ |

| | | | |
|---|---|---|---|
| | | | പുതുതായി തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ/ സംരംഭങ്ങൾ പൂട്ടേണ്ടി വന്നിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലയളവിൽ പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ കാസർഗോഡ് ജില്ലയിൽ എത്രപേർ മുന്നോട്ടുവന്നുവെന്നും അവർ മുടക്കിയ നിക്ഷേപ തുക എത്രയാണെന്നും സർക്കാർ നൽകിയ സഹായം എന്തൊക്കെയാണെന്നും സംരംഭം തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ടു വന്നവർ - 17298<br><br>നിക്ഷേപ തുക - 10237.8 ലക്ഷം രൂപ<br><br>സർക്കാർ നൽകിയ സഹായം വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്നു<br><br>1. **സംരംഭകത്വ സഹായ പദ്ധതി**<br><br>2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ ₹17,12,10,928/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>2. **വൺ ഫാമിലി വൺ എന്റർപ്രൈസസ്സ്**<br><br>2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ ₹20,55,337/- രൂപ അനുവദിച്ചി ട്ടുണ്ട്.<br><br>3. **നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി പദ്ധതി**<br><br>2021-22 മുതൽ 2024-25 വരെ ₹1,52,42,693/- രൂപ അനുവദിച്ചിട്ടുണ്ട് |
| (ഇ) | പുതുതായി സംരംഭങ്ങൾ തുടങ്ങി ഇടക്കാലത്ത് പൂട്ടേണ്ടി വന്നവർ ജില്ലയിൽ എത്രയുണ്ടെന്നും ഇത് മൂലം വ്യക്തികൾക്കും സർക്കാരിനും ഉണ്ടായ നഷ്ടം എത്രയാണെന്നും സംരംഭം തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | പുതുതായി തുടങ്ങിയ സംരംഭങ്ങളിൽ 2123 സ്ഥാപനങ്ങൾ ഇടക്കാലത്ത് പൂട്ടേണ്ടി വന്നിട്ടുണ്ട്. ഇതുമൂലം ഏകദേശം 24 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. |
| (എഫ്) | പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സഹായത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്ന എത്രപേർ ജില്ലയിലുണ്ടെന്നും അവർ എത്രകാലമായി അപേക്ഷ സമർപ്പിച്ചിട്ടെന്നും അതിന്മേൽ ഇതുവരെ തീരുമാനമാകാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ? | (എഫ്) | ജില്ലയിലെ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭം ആരംഭിക്കുവാൻ ഭൂമി ലഭിക്കുന്നതിനായി മടിക്കൈ വ്യവസായ എസ്റ്റേറ്റിൽ 71 പേരും അനന്തപുരം വ്യവസായ എസ്റ്റേറ്റിൽ 41 പേരും ചേർന്ന് ആകെ 112 പേർ അപേക്ഷ സമർപ്പിച്ച് വ്യവസായ ഭൂമി അനുവദിച്ച് കിട്ടുന്നതിനായി കാത്തിരിക്കുന്നുണ്ട്. മടിക്കൈ വ്യവസായ എസ്റ്റേറ്റിൽ ഭൗതിക സാഹചര്യം ഒരുങ്ങിവരുന്നതിനാലും അനന്തപുരം വ്യവസായ എസ്റ്റേറ്റിൽ മുഴുവൻ ഭൂമിയും അനുവദിച്ച് കഴിഞ്ഞതിനാലും ആണ് അപേക്ഷകർ കാത്തിരിക്കേണ്ട സാഹചര്യം ഉണ്ടായിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 16.05.2023 മുതൽ അപേക്ഷ സമർപ്പിച്ചവർ ഇതിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ANNEXURE - A

| Sl.No. | Name of Units |
|---|---|
| 1 | M/s Excell Food Industries |
| 2 | Fairooz Abdulla |
| 3 | Maplon Furnitures Pvt Ltd |
| 4 | M/s Fazal Hollow bricks |
| 5 | Shri Fazal Rahiman A P(Madeena wood Industry) |
| 6 | Shri.Guruprasad Aggithaya |
| 7 | Shri Alishabil V.F |
| 8 | Thomas A Varghese |
| 9 | Raksha Polymers |
| 10 | Shri SHUHAIB P P (M/s Winner rota Moulding) |
| 11 | P B Abdul Hameed and Sons |
| 12 | Shri Manoj P.S. |
| 13 | Shri. Venkatesh Bhakta |
| 14 | M/s Bharath Aluminium & Allied |
| 15 | M/s ARTO Interior Manufactures |
| 16 | Shri Vijayan Nambiar-Oxgin Plant |
| 17 | Shri Praseesh Kumar |
| 18 | M/s Ogera Ventures Pvt Ltd |
| 19 | Ready Bites International Pvt Ltd |
| 20 | Shri Ahmed Sabir A.Y. |
| 21 | Ms. Supreetha K M/s Kasaagod Steel & Window & Doors |

സെക്ഷൻ ഓഫീസർ